കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ

(കെ.എൽ.സി.എ)

നിയമാവലി

ഈ നിയമാവലി കെ.എൽ.സി.എ സംസ്ഥാന/ രൂപത/ മേഖല /ഇടവകതല പ്രവർത്തനങ്ങൾക്ക് ബാധകമായിരിക്കും.

1. പേര്

ഈ സംഘടനയുടെ പേര് *കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ)* എന്നായിരിക്കും.

2. രക്ഷാധികാരികൾ

കേരളത്തിലെ ലത്തീൻ മെത്രാപ്പോലീത്തമാരും മെത്രാന്മാരും ഈ സംഘടനയുടെ രക്ഷാധികാരികളായിരിക്കും.

3. പ്രവർത്തനപരിധി

കെ.എൽ.സി.എയുടെ പ്രവർത്തനപരിധി കേരളത്തിലെ ലത്തീൻ രൂപതകളുടെ അധികാര പരിധിയിൽവരുന്ന പ്രദേശങ്ങളായിരിക്കുന്നതാണ്. ആയതിന്റെ കേന്ദ്ര ഓഫീസ് കൊച്ചിയിലോ, കാലാകാലങ്ങളിൽ ജനറൽ കൗൺസിൽ നിശ്ചയിക്കുന്ന മറ്റേതെങ്കിലും സ്ഥലത്തോ ആയിരിക്കും.

4. സ്വഭാവം

കെ.എൽ.സി.എ. കേരളത്തിലെ ലത്തീൻ കത്തോലിക്കാസഭാ വിശ്വാസികളായ ജനങ്ങളുടെ സമുദായ സംഘടനയായി നിലകൊള്ളും.

5. ലക്ഷ്യം

1) ക്രൈസ്തവ ദർശനങ്ങളിലധിഷ്ഠിതമായി കേരളത്തിലെ ലത്തീൻ സമുദായ അംഗങ്ങളുടെ സമഗ്ര പുരോഗതിക്കും നീതി നിഷ്ഠമായ സാമൂഹികക്രമത്തിനുംവേണ്ടി പ്രവർത്തിക്കുക.

2) ഉദ്ദേശ്യങ്ങൾ

(a) ലത്തീൻ കത്തോലീക്കസമുദായത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നേടിയെടുക്കുന്നതിനും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുക.

(b) ഇന്ത്യാരാജ്യത്തിന്റെ ഐക്യം, അഖണ്ഡത, മതേതരത്വം എന്നിവയോടൊപ്പം, പിന്നാക്ക, ന്യൂനപക്ഷ അവകാശസംരക്ഷണത്തിനും വേണ്ടി പ്രയത്നിക്കുക.

(c) സാമൂഹ്യസമ്പർക്ക മാദ്ധ്യമങ്ങൾ മുഖേന ഇന്ത്യൻ പൊതു ജിവിതത്തിൽ കത്തോലിക്ക ആദർശങ്ങളും തത്ത്വങ്ങളും പ്രചരിപ്പിക്കുക.

(d) സമുദായത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക വളർച്ചയ്ക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

(e) രാജ്യതാത്പര്യത്തിനായും, സമുദായത്തിന്റെ പ്രത്യേക വ്യക്തിത്വവും അതിലധിഷ്ഠിതമായിരിക്കുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനായും ആവശ്യഘട്ടങ്ങളിൽ സമാനചിന്താഗതിയുള്ള ഇതര സമുദായങ്ങളും, സ്ഥാപനങ്ങളും സംഘടനകളുമായും യോജിച്ച് പ്രവർത്തിക്കുക.

(f) സംഘടനയുടെ സ്വഭാവത്തിനും നിയമവലിക്കും വിധേയമായ മാർഗ്ഗങ്ങളിലൂടെ ഫണ്ടുശേഖരിക്കുകയോ ആവശ്യഘട്ടങ്ങളിൽ കടമെടുക്കുകയോ ചെയ്യുക. സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാധിക്കുന്നതിന് സ്ഥാവര-ജംഗമ സ്വത്തുക്കളോ പണമോ സംഭാവനകളോ സ്വീകരിക്കുക.

(g) സംഘടനയുടെ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന് ആവശ്യമോ സഹായകമോ ആയ മറ്റെല്ലാ കാര്യങ്ങളും നിർവഹിക്കുക.

(h) കെ.എൽ.സി.എ യുടെ ഉദ്ദേശങ്ങൾക്ക് ആവശ്യമെന്നുതോന്നുന്ന എല്ലാവിധ സ്ഥാവര-ജംഗമസ്വത്തുക്കളും ഏതൊരു വ്യക്തിയിൽനിന്നോ, കമ്പനിയിൽനിന്നോ സംഘത്തിൽനിന്നോ ഗവണ്മെന്റിൽനിന്നോ ഗവണ്മെന്റ് സ്ഥാപനങ്ങളിൽനിന്നോ ക്രയം, പാട്ടം, പണയം, വായ്പ, ദാനം,

ഓസ്യത്ത്, പിൻതുടർച്ചാവകാശം, കൈമാറ്റം, അവകാശം, പ്രത്യേകാനുകൂല്യം എന്നിവ വഴിയോ, മറ്റുതരത്തിലോ സമാർജിക്കുകയും, സംഘടനയുടെ ഉദ്ദേശപ്രാപ്തിക്ക് ആവശ്യമോ, യുക്തമോ എങ്കിൽ സംഘടനയുടെ വസ്തുവകകൾ വില്പന, പണയം, പാട്ടം, ആവർത്തനപാട്ടം, വായ്പ, ഈട്, കൈമാറ്റം, വാടകയ്ക്കുകൊടുക്കൽ, ദാനം എന്നീ മാർഗ്ഗങ്ങളിലോ മറ്റുതരത്തിലോ കൈമാറ്റം നടത്തുകയും ചെയ്യുക.

6. അംഗത്വം

(a) ക്രൈസ്തവ വിശ്വാസികളും കത്തോലിക്കാ ജീവിതം നയിക്കുന്നവരുമായ 18 വയസ്സ് പൂർത്തിയായ എല്ലാ ലത്തീൻ കത്തോലിക്കർക്കും അംഗമായി ചേരാവുന്നതാണ്.

(b) സംസ്ഥാന സമിതി നൽകുന്ന അപേക്ഷാപത്രികയിൽ ഇടവകയൂണിറ്റ് ഭാരവാഹികൾക്ക് സമുദായാംഗങ്ങളിൽ നിന്നും അംഗത്വത്തിനുള്ള അപേക്ഷ നിശ്ചിതഫീസ് സഹിതം സ്വീകരിക്കാവുന്നതാണ്. അംഗത്വഫീസ്, സമകാലിന സാഹചര്യങ്ങൾക്ക നുസരണമായി സംസ്ഥാനസമിതി നിശ്ചയിക്കുന്നതാണ്.

7. ഘടകങ്ങൾ

(i) യൂണിറ്റുകൾ (ii) മേഖല/ഫെറോന കമ്മിറ്റികൾ

(iii) രൂപതാ സമിതി (iv) സംസ്ഥാന സമിതി.

7(i) യൂണിറ്റുകൾ

(a) രൂപതകളിൽ ഓരോ ഇടവകയിലും ഇടവകയുടെ സബ്സ്റ്റേഷനുകളിലും കുറഞ്ഞത് 20 അംഗങ്ങളെ ചേർത്ത് കെ.എൽ.സി.എ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

(b) യൂണിറ്റിന്റെ പ്രവർത്തനത്തിന് പ്രസിഡന്റ്, 2 വൈസ് പ്രസിഡന്റുമാർ, സെക്രട്ടറി, 2 ജോയിന്റ് സെക്രട്ടറിമാർ, ഖജാൻജി എന്നിവരുൾപ്പെടെ പതിനൊന്നിൽ കുറയാതെയും ഇരുപത്തൊന്നിൽ കവിയാതെയുമുള്ള ഒരു പ്രവർത്തകസമിതി ഉണ്ടായിരിക്കുന്നതാണ്. ഒരു വൈസ് പ്രസിഡന്റും ഒരു

ജോയിന്റ് സെക്രട്ടറിയും വനിതയായിരിക്കണം. യൂണിറ്റിൽ അംഗങ്ങളായ മേഖല, രൂപത, സംസ്ഥാന ഭാരവാഹികൾ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തക സമിതിയിൽ അംഗങ്ങളായിരിക്കും.

(c) പ്രവർത്തക സമിതിയെ യൂണിറ്റ് പൊതുയോഗത്തിൽ തെരഞ്ഞെടുക്കേണ്ടതാകുന്നു.

(d) 25000/- രൂപയിൽ കൂടുതൽ വരവോ ചെലവോ വേണ്ടിവരുന്ന പ്രവർത്തനപരിപാടികൾ നടപ്പാക്കുമ്പോൾ യൂണിറ്റുകൾ അതാത് രൂപതാ സമിതികളെ അറിയിക്കേണ്ടതാണ്.

(e) ഇടവകവികാരിയോ അദ്ദേഹം നിശ്ചയിക്കുന്ന മറ്റൊരു വൈദികനോ യൂണിറ്റിന്റെ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ ആയിരിക്കുന്നതാണ്.

(f) യൂണിറ്റിന്റെ വാർഷികറിപ്പോർട്ടും കണക്കും വാർഷിക പൊതുയോഗം കഴിഞ്ഞാൽ പതിനഞ്ചുദിവസത്തിനകം മേഖലാ സമിതിക്കും രൂപത കമ്മിറ്റിക്കും നൽകേണ്ടതാണ്.

(g) യൂണിറ്റ് പ്രവർത്തകസമിതി സംഘടനയുടെ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതും മേൽ ഘടകങ്ങൾ അതതു കാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.

(h) യൂണിറ്റുകളുടെ പൊതുയോഗം മാർച്ച് 31നു മുൻപ് നടത്തേണ്ടതും ദ്വൈവാർഷിക പൊതുയോഗത്തിൽവച്ച് യൂണിറ്റ് എക്സിക്യൂട്ടീവ് സമിതി, ജനറൽകൗൺസിലിലേക്കുള്ള പ്രതിനിധികൾ, രണ്ട് ഓഡിറ്റർമാർ എന്നിവരെ തിരഞ്ഞെടുക്കേണ്ടതും മുൻവർഷങ്ങളിലെ കണക്കുകളും പ്രവർത്തന റിപ്പോർട്ടും ചർച്ചചെയ്ത് പാസ്സാക്കേണ്ടതും തന്നാണ്ടിലേക്കുള്ള പ്രവർത്തന പരിപാടിയും ബഡ്ജറ്റും ചർച്ച ചെയ്തു തീരുമാനിക്കേണ്ടതുമാണ്.

(i) യൂണിറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികൾ മേഖലാ സമിതിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. മേഖ

ലാസമിതി ആവശ്യമായ അന്വേഷണം നടത്തി എല്ലാ രേഖകളും രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതും ആവശ്യമെന്നു തോന്നുന്നപക്ഷം കൂടുതൽ അന്വേഷണം രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നടത്താവുന്നതും യുക്തമായ തീരുമാനങ്ങളെടുത്ത് രക്ഷാധികാരിയെ (രൂപതാദ്ധ്യക്ഷൻ)യും, സംസ്ഥാന സമിതി യെയും അറിയിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ കൈമാറേണ്ടതുമാണ്. രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കുന്നതിനു മുൻപായി രക്ഷാധികാരിയുടെയും, സംസ്ഥാന സമിതിയുടെയും അംഗീകാരം നേടേണ്ടതാണ്.

(j) യൂണിറ്റിലെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം രൂപതാ ജനറൽ കൗൺസിലിൽ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്.

1. നൂറോ അതിൽ കുറവോ - 5 പേർ
2. നൂറിനുമുകളിൽ പൂർത്തികരിക്കുന്ന ഓരോ നൂറിനും ഒന്നുവീതവും
3. പരമാവധി 7 പേർ

(k) യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി ടി യൂണിറ്റിൽ അംഗങ്ങളായ രൂപത, സംസ്ഥാന ഭാരവാഹികൾ, എന്നിവർ ഉൾപ്പെടെയായിരിക്കും മേൽപ്പറഞ്ഞ ജനറൽ കൗൺസിൽ അംഗങ്ങൾ. ഇതിൽ ഒരാളെങ്കിലും വനിതയായിരിക്കണം.

(l) 200-ൽ താഴെ അംഗങ്ങളുള്ള ഓരോ യൂണിറ്റും രണ്ടുവർഷത്തേക്ക് 200 രൂപ രൂപതാസമിതിക്ക് അഫിലിയേഷൻ ഫീസായി നൽകേണ്ടതാണ്. ഇരുന്നൂറിൽ കൂടുതൽ അംഗങ്ങൾ വന്നാൽ കൂടുതൽ വരുന്ന ഓരോ നൂറ് അംഗത്തിനും 25 രൂപ എന്ന തോതിൽ വിഹിതം നൽകേണ്ടതാണ്.

(m) യൂണിറ്റ് സമിതികളുടെ കാലാവധി 3 വർഷമായിരിക്കും.

(n) മേൽപറഞ്ഞപ്രകാരം ദ്വൈവാർഷിക അഫിലിയേഷൻ ഫീസും അംഗങ്ങളുടെ രജി. നമ്പർ സഹിതമുള്ള പേരുവിവരവും മുൻ വർഷങ്ങളിലെ പ്രവർത്തനറിപ്പോർട്ടും യഥാസമയം നൽകാതിരുന്നാൽ പ്രസ്തുത യൂണിറ്റിന് രൂപത

ജനറൽ കൗൺസിലിലേക്ക് അംഗങ്ങളെ അയയ്ക്കുവാൻ അവകാശമില്ലാതാകുന്നതാണ്. എന്നാൽ ഇക്കാര്യം ബന്ധപ്പെട്ട യൂണിറ്റിനെ രൂപത സമിതി അറിയിക്കേണ്ടതും വിഹിതവും റിപ്പോർട്ടും നൽകുന്നതിന് 15 ദിവസത്തെ സമയപരിധി നൽകേണ്ടതുമാകുന്നു.

(o) യൂണിറ്റ് പ്രവർത്തക സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.

(p) യൂണിറ്റിന്റെ പൊതുയോഗം ആറുമാസത്തിലൊരിക്കലെങ്കിലും വിളിച്ചുകൂട്ടേണ്ടതാണ്. എന്നാൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുവാൻ വിശേഷാൽ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടുവാനുള്ള അധികാരം യൂണിറ്റ് എക്സിക്യൂട്ടീവ് സമിതിക്ക് ഉണ്ടായിരിക്കുന്നതാണ്.

(q) മേൽഘടകങ്ങൾ ആസൂത്രണം ചെയ്യുന്ന പരിപാടികളുമായി യൂണിറ്റുകൾ സർവ്വാത്മാന സഹകരിക്കേണ്ടതും അത്തരം പ്രവർത്തനങ്ങൾ വിജയിപ്പിക്കേണ്ടതുമാണ്.

7(ii)മേഖലാസമിതി/ ഫൊറോനസമിതി

(a) രൂപതയിലെ യൂണിറ്റുകളെ പ്രവർത്തനസൗകര്യത്തിനു വേണ്ടി മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും മേഖലാ/ഫൊറോന സമിതികൾ രൂപീകരിക്കുവാൻ രൂപത മാനേജിംഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(b) രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യഥാകാലം നിർദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ വിജയകരമായി നടപ്പാക്കുന്നതിന് യൂണിറ്റുകൾക്കു നിർദ്ദേശങ്ങൾ കൊടുക്കുക, പ്രവർത്തന പരിപാടികൾ നിയന്ത്രിക്കുക തുടങ്ങിയവയാണ് മേഖലാ സമിതിയുടെ പ്രവർത്തനലക്ഷ്യങ്ങൾ.

(c) ഓരോ മേഖലയിലും ഉൾപ്പെട്ട യൂണിറ്റുകളിൽനിന്നുള്ള ജനറൽ കൗൺസിൽ അംഗങ്ങൾ ചേർന്ന് മേഖലാ കമ്മിറ്റിയെ തിരഞ്ഞെടുക്കേണ്ടതാണ്.

(d) മേഖല സമിതിയിൽ പ്രസിഡന്റ്, രണ്ട് വൈസ് പ്രസിഡന്റുമാർ, സെക്രട്ടറി, രണ്ട് ജോയിന്റ് സെക്രട്ടറിമാർ, ഖജാൻജി എന്നിവരുൾപ്പെടെ പതിനൊന്നിൽ കുറയാതെയും പതിനഞ്ചിൽകവിയാതെയുമുള്ള അംഗങ്ങൾ ഉണ്ടായിരിക്കും. ഒരു വൈസ് പ്രസിഡന്റും ഒരു ജോയിന്റ് സെക്രട്ടറിയും വനിതയായിരിക്കണം.

(e) മേഖല സമിതികൾ മെയ് 31നു മുൻപ് വർഷത്തിലൊരിക്കൽ സമ്മേളിച്ച് വാർഷിക പ്രവർത്തന റിപ്പോർട്ടും വരവ് -ചെലവ് കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും അടുത്ത വർഷത്തെ പ്രവർത്തന പരിപാടിയും ബഡ്ജറ്റും അവതരിപ്പിക്കേണ്ടതുമാണ്. മേഖല സമിതികളുടെ കാലാവധി 3 വർഷമായിരിക്കും.

(f) രക്ഷാധികാരി നിയമിക്കുന്ന വൈദികൻ മേഖലാസമിതിയുടെ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ ആയിരിക്കും.

7(iii) രൂപതസമിതി

കെ.എൽ.സി.എ രൂപതാ ഘടകത്തിന് താഴെപ്പറയുന്ന സംവിധാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(1) ജനറൽ കൗൺസിൽ, (2) മാനേജിംഗ് കൗൺസിൽ,
(3) എക്സിക്യൂട്ടീവ് കമ്മിറ്റി

1) ജനറൽ കൗൺസിൽ

(a) നിയമാവലി 7(i)(k) പ്രകാരം യൂണിറ്റിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നിശ്ചിത എണ്ണം പ്രതിനിധികൾ, കൗൺസിൽ നോമിനേറ്റ് ചെയ്യുന്ന നിശ്ചിത എണ്ണം അംഗങ്ങൾ, പോഷക സംഘടന പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നതായിരിക്കും രൂപത ജനറൽ കൗൺസിൽ.

(b) രൂപത ഘടകത്തെ സംബന്ധിച്ചിടത്തോളം രൂപത ജനറൽ കൗൺസിൽ സംഘടനയുടെ പരമാധികാര സഭയായിരിക്കുന്നതാണ്.

(c) വാർഷിക ജനറൽ കൗൺസിൽ ഓഗസ്റ്റ് 31 നകം നടത്തേണ്ടതാണ്.

2) മാനേജിംഗ് കൗൺസിൽ

(a) രൂപത സമിതിയുടെ പ്രവർത്തന നിയന്ത്രണത്തിനായി ജനറൽ കൗൺസിൽ തെരഞ്ഞെടുക്കുന്ന ഒരു മാനേജിംഗ് കൗൺസിൽ രൂപതാ ഘടകത്തിന് ഉണ്ടായിരിക്കേണ്ടതാണ്. മേഖലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, രൂപതയിൽനിന്നുള്ള സംസ്ഥാന കമ്മറ്റി അംഗങ്ങൾ, സംസ്ഥാനഭാരവാഹികൾ, എന്നിവരുൾപ്പെടുന്ന മുപ്പതുമുതൽ പരമാവധി അറുപതുവരെ അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും മാനേജിംഗ് കൗൺസിൽ.

(b) വിവിധ ജീവിത തുറകളിൽ നിന്നുള്ള അഞ്ചുപേരെ മാനേജിംഗ് കൗൺസിലിലേക്ക് കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്.

(c) പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരൊഴികെ ഭാരവാഹികളുടെ ഇടയിലുണ്ടാവുന്ന ഇടക്കാല ഒഴിവുകൾ അടുത്തുകൂടുന്ന മാനേജിംഗ് കൗൺസിൽ തീരുമാനപ്രകാരം നികത്താവുന്നതാണ്. എന്നാൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ രാജിയോ, ഒഴിവോ ഉണ്ടായാൽ, കൗൺസിലിന്റെ കാലാവധി ആറുമാസത്തിലധികം അവശേഷിക്കുന്നെങ്കിൽ, 45 ദിവസത്തിനകം ജനറൽ കൗൺസിൽ വിളിച്ച്ചേർത്ത് പ്രസ്തുത സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

(d) മാനേജിംഗ് കൗൺസിൽ 3 മാസത്തിലൊരിക്കൽ സമ്മേളിച്ച് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതും ഭാവി പരിപാടികൾ നടപ്പിൽ വരുത്തുവാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്യേണ്ടതുമാണ്.

3) എക്സിക്യൂട്ടീവ് കമ്മിറ്റി

(a) രൂപത ഘടകത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും അടിയന്തിര പ്രശ്നങ്ങളും കൈകാര്യം ചെയ്യുവാൻ ജനറൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കുന്ന നിശ്ചിത ഭാരവാഹികൾ ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

(b) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽപ്രസിഡന്റ്, 4 വൈസ് പ്രസി

ഡന്റുമാർ, ജനറൽ സെക്രട്ടറി, 4 സെക്രട്ടറിമാർ, ട്രഷറർ, എക്ലേസിയാസ്റ്റിസ്റ്റക്കൽ അഡൈ്വസർ കാലാകാലങ്ങളിൽ സംസ്ഥാനസമിതി നിർദേശിക്കുന്നതും, രൂപതയുടെ പ്രത്യേക താത്പര്യപ്രകാരം രൂപീകരിക്കുന്നതുമായ അഞ്ചിൽ കൂടാത്ത വിവിധ ഫോറം കൺവീനർമാർ, രൂപതയിലെ സംസ്ഥാന മാനേജിംഗ് കൗൺസിൽ അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതായിരിക്കും രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി. ഒരു വൈസ് പ്രസിഡന്റും ഒരു സെക്രട്ടറിയും വനിതയായിരിക്കണം. സ്ഥാനമൊഴിയുന്ന രൂപതാ പ്രസിഡന്റ് ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ അടുത്ത എക്സിക്യൂട്ടിവ് കമ്മിറ്റിയിലെ അംഗങ്ങളായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗസംഖ്യ ഇരുപത്തിയഞ്ചിൽ കവിയരുത്.

(c) അതാത് രൂപതാ അദ്ധ്യക്ഷന്മാർ നിശ്ചയിക്കുന്ന ഒരു വൈദികൻ രൂപതാ എക്ലേസിയാസിസ്റ്റിക്കൽ അഡൈ്വസർ ആയിരിക്കും.

(d) എക്സിക്യൂട്ടീവ് കമ്മിറ്റി മാസത്തിലൊരിക്കൽ സമ്മേളിച്ച് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതും ഭാവി പരിപാടികൾ നടപ്പിൽ വരുത്തുവാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്യേണ്ടതുമാണ്.

8) സംസ്ഥാന സമിതി

പ്രവർത്തന സൗകര്യത്തിനായി സംസ്ഥാന സമിതിക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1) ജനറൽ കൗൺസിൽ 2) മാനേജിംഗ് കൗൺസിൽ

3) സെക്രട്ടറിയേറ്റ്

8(i) ജനറൽ കൗൺസിൽ

(a) രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് സംസ്ഥാന ജനറൽ കൗൺസിലിൽ പങ്കെടുക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ അയ്യായിരത്തിന് മുകളിൽ വരുന്ന ഓരോ ആയിരത്തിനും ഒന്ന് എന്ന ക്രമത്തിൽ പരമാവധി അഞ്ച് അംഗങ്ങൾക്ക്

കൂടി പ്രാതിനിധ്യം ലഭിക്കുന്നതാണ്. പ്രാതിനിധ്യം നിശ്ച യിക്കുന്നതിന് യൂണിറ്റുകളുടെ എണ്ണമാണ് അടിസ്ഥാമാക്കു ന്നതെങ്കിൽ മേൽപ്പറഞ്ഞ അംഗങ്ങൾക്ക് പുറമേ ഇരുപത്തി യഞ്ച് യൂണിറ്റുകൾക്ക് മേൽ വരുന്ന ഓരോ മൂന്ന് യൂണിറ്റു കൾക്ക് ഒരു അംഗം എന്ന ക്രമത്തിൽ പരമാവധി അഞ്ച് അംഗങ്ങൾക്ക് കൂടി സംസ്ഥാന ജനറൽ കൗൺസിലിൽ പങ്കെടുക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. ഏത് രീതി മാനദണ്ഡമാക്കിയാലും ഓരോ രൂപതയിൽനിന്നുമുള്ള സംസ്ഥാന ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം പര മാവധി ഇരുപ്പത്തഞ്ച് അംഗങ്ങൾ ആയിരിക്കുന്നതാണ്. ഇതിൽ പതിനഞ്ച് ശതമാനമെങ്കിലും അംഗങ്ങൾ വനിതക ളായിരിക്കണം.

(b) ജനറൽ കൗൺസിൽ യോഗത്തിന്റെ ക്വാറം അഫിലിയേ ഷൻ പുതുക്കിയിട്ടുള്ള രൂപതകളിൽ ഭൂരിപക്ഷത്തിനും പ്രാതിനിധ്യം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേ യമായി ജനറൽ കൗൺസിലിന്റെ മൂന്നിൽ ഒന്നായിരിക്കും. ഭരണഘടന ഭേദഗതി ഒഴികെയുള്ള എല്ലാ പ്രമേയങ്ങളും ഭൂരിപക്ഷാടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടുന്നതാണ്. ഭര ണഘടന ഭേദഗതി ചെയ്യുന്നതിനുള്ള പ്രമേയങ്ങൾക്ക് സന്നിഹിതരായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്.

(c) ജനറൽ കൗൺസിലിന്റെ കാലാവധി മൂന്നുവർഷമായിരി ക്കും. ജനറൽ കൗൺസിൽ വർഷത്തിലൊരിക്കൽ സമ്മേ ളിച്ച് വാർഷിക പ്രവർത്തന റിപ്പോർട്ടും വരവു ചെലവു കണക്കുകളും ആഡിറ്റ് റിപ്പോർട്ടും വായിച്ച് പാസ്സാക്കേ ണ്ടതും അടുത്ത വർഷത്തെ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകേണ്ടതുമാണ്. സംസ്ഥാന മാനേജിംഗ് കൗൺസിൽ, സെക്രട്ടറിയേറ്റ് എന്നിവയിലേക്കുള്ള തെര ഞ്ഞെടുപ്പുകൾ മൂന്നുവർഷത്തിലൊരിക്കൽ നടത്തേണ്ടതു മാണ്.

(d) മാനേജിംഗ് കൗൺസിൽ അവതരിപ്പിക്കുന്നവ ഒഴികെയുള്ള പ്രമേയങ്ങൾക്ക് അവതരണാനുമതി ലഭിക്കണമെങ്കിൽ, ജന റൽ സെക്രട്ടറിയെ 15 ദിവസം മുമ്പേ അറിയിച്ചിരിക്കേണ്ട

താണ്. പ്രമേയങ്ങൾക്കുള്ള ഭേദഗതികൾ അംഗീകൃതചട്ട ങ്ങൾക്ക് അനുരൂപമാണെങ്കിൽ അവതരിപ്പിക്കപ്പെടാവു ന്നതും അനുമതി നൽകപ്പെടാവുന്നതും ആണ്.

(e) ജനറൽ കൗൺസിലിന്റെ അസാധാരണ യോഗങ്ങൾ സ്വയം തീരുമാനമെടുത്തതോ അല്ലെങ്കിൽ ചുരുങ്ങിയത് മൂന്ന് രൂപത ഘടകങ്ങൾ എങ്കിലും രേഖാമൂലം ആവശ്യപ്പെടുകയാണെ ങ്കിലോ പ്രസിഡന്റിന് വിളിച്ചു കൂട്ടാവുന്നതാണ്.

8(ii) മാനേജിംഗ് കൗൺസിൽ

(a) രൂപത പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവ രുൾപ്പെടെ രൂപത എക്സിക്യൂട്ടീവ് തെരഞ്ഞെടുക്കുന്ന ഏഴ് അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും സംസ്ഥാന മാനേജിംഗ് കൗൺസിൽ.

(b) മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് മാത്രമേ സംസ്ഥാന സെക്രട്ടറിയേറ്റിലേക്ക് മത്സരിക്കുന്നതിന് യോഗ്യത ഉണ്ടാ യിരിക്കുകയുള്ളു.

(c) സ്ഥാനമൊഴിയുന്ന സംസ്ഥാന പ്രസിഡന്റും ജനറൽ സെക്ര ട്ടറി, ട്രഷർ എന്നിവർ അടുത്ത ഒരു ടേമിലേക്കുകൂടി മാനേ ജിംഗ് കൗൺസിൽ അംഗങ്ങളായിരിക്കും.

(d) പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരൊഴികെ ഭാരവാഹികളുടെ ഇടയിലുണ്ടാവുന്ന ഇടക്കാല ഒഴിവുകൾ അടുത്തുകൂടുന്ന മാനേജിംഗ് കൗൺസിൽ തീരുമാനപ്ര കാരം നികത്താവുന്നതാണ്.

(e) സംഘടനയുടെ പ്രവർത്തനങ്ങൾ മാനേജിംഗ് കൗൺസിൽ നിയന്ത്രിക്കേണ്ടതാണ്. അതിന്റെ എല്ലാ തീരുമാനങ്ങളും ഭൂരിപക്ഷാടിസ്ഥാനത്തിലായിരിക്കും. വോട്ട് സമനിലയില യിലാകുന്ന പക്ഷം, പ്രസിഡന്റിന് ഒരു കാസ്റ്റിങ്ങ് വോട്ടു കൂടി ഉണ്ടായിരിക്കും. മാനേജിംഗ് കൗൺസിൽ യോഗ ത്തിന്റെ ക്വാറം മൂന്നിൽ ഒന്നായിരിക്കും.

(f) പ്രത്യേകാവശ്യങ്ങൾക്കുവേണ്ടി സബ് കമ്മിറ്റികളെ നിയ മിക്കാൻ മാനേജിംഗ് കൗൺസിലിന് അധികാരം ഉണ്ടായി രിക്കും. അത്തരം കമ്മിറ്റികളും റിപ്പോർട്ടുകളും ശുപാർശ

കളും മാനേജിംഗ് കൗൺസിൽ പരിചിന്തനം ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

(g) മാനേജിംഗ് കൗൺസിൽ മൂന്നുമാസത്തിലൊരിക്കലെങ്കിലും സമ്മേളിക്കേണ്ടതാണ്.

(h) മൂന്നോ അതിലധികമോ രൂപതാസമിതികൾ രേഖാമൂലം ആവശ്യപ്പെട്ടാൽ, മാനേജിംഗ് കൗൺസിലിന്റെ ഒരു വിശേഷാൽ സമ്മേളനം പ്രസിഡന്റ് വിളിച്ചുകൂട്ടേണ്ടതാണ്.

(i) രൂപതാ സമിതികൾ രണ്ടുപ്രാവശ്യം തുടർച്ചയായി അഫിലിയേഷൻ ഫീ കുടിശ്ശിക വരുത്തുകയോ കെ.എൽ.സി.എ. ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥ, വിശദീകരണത്തിന് മതിയായ സമയം നൽകപ്പെട്ടതിനുശേഷവും ഗുരുതരമായി ലംഘിക്കുകയോ ചെയ്യുന്നപക്ഷം ആ രൂപത ഘടകത്തിന്റെ വോട്ടവകാശം റദ്ദാക്കുന്നതിനോ സസ്പെന്റ് ചെയ്യുന്നതിനോ മാനേജിംഗ് കൗൺസിലിന് അവകാശമുണ്ടായിരിക്കുന്നതാണ്. ഒരു അംഗസംഘടനയുടെ വോട്ടവകാശം റദ്ദാക്കുന്നതിനോ സസ്പെന്റു ചെയ്യുന്നതിനോ എടുക്കുന്ന തീരുമാനത്തിന് സന്നിഹിതരായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടായിരിക്കണം.

(j) തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളും മാനേജിംഗ് കൗൺസിൽ അംഗങ്ങൾ എന്നിവരെ കൂടാതെ ആൾ ഇന്ത്യ കാത്തലിക് യൂണിയൻ, കേരള കാത്തലിക് ഫെഡറേഷൻ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ എന്നിവയിൽ ഭാരവാഹികളായിരിക്കുന്ന കെ.എൽ.സി.എ. പ്രതിനിധികളും കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ മുഖ്യഭാരവാഹിത്വം വഹിക്കുന്ന സമുദായ അംഗമായ യുവജന നേതാവും കെ.എൽ.സി.എ. രൂപത ഭാരവാഹികളായ കെ.ആർ.എൽ.സി.സി. അംഗങ്ങളും കെ.എൽ.സി.ഡബ്ല്യു.എ. സംസ്ഥാന പ്രസിഡന്റും ജനറൽ സെക്രട്ടറിയും മാനേജിംഗ് കൗൺസിലിൽ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കുന്നതാണ്.

(k) താഴെപ്പറയുന്നവയായിരിക്കും സംസ്ഥാന ഫോറങ്ങൾ

1. സാമൂഹിക-രാഷ്ട്രീയം 2. വിദ്യാഭ്യാസം 3. കല, കായികം, സാംസ്കാരികം 4. നിയമകാര്യം 5. മാദ്ധ്യമം

8(iii) സെക്രട്ടറിയേറ്റ്

(a) സംസ്ഥാന സെക്രട്ടറിയേറ്റിൽ പ്രസിഡന്റ്, ഏഴ് വൈസ് പ്രസിഡന്റുമാർ (ഒന്ന് വനിതയായിരിക്കണം) ജനറൽ സെക്രട്ടറി, ഏഴ് സെക്രട്ടറിമാർ (ഒന്ന് വനിത), ട്രഷറർ എന്നിങ്ങനെ പതിനേഴ് അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(b) സംസ്ഥാന സെക്രട്ടറിയേറ്റിലെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, ഒരു വനിത വൈസ് പ്രസിഡന്റ്, ഒരു വനിത സെക്രട്ടറി എന്നിവരെ ജനറൽ കൗൺസിലിൽ നിന്നും പൊതുവായ ഇലക്ഷനിലൂടെ തെരഞ്ഞെടുക്കേണ്ടതാണ്.

(c) അപ്രകാരം തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഒന്നിൽകൂടുതൽ സ്ഥാനങ്ങളിലേക്ക് ഒരു രൂപതയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(d) തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് മാനേജിംഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് കെ.ആർ. എൽ.സി.ബി.സിയുടെ അംഗീകാരം ലഭിച്ചിരിക്കേണ്ടതാണ്.

(e) ബാക്കിയുള്ള ആറ് വൈസ് പ്രസിഡന്റ്, ആറ് സെക്രട്ടറി എന്നീ സ്ഥാനങ്ങൾ ഒരു രൂപതയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ ജനറൽ കൗൺസിലിൽവെച്ച് നിശ്ചയിക്കേണ്ടതും എല്ലാ രൂപതകളുടേയും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുമാണ്. (രൂപതകളിൽനിന്നുള്ള സംസ്ഥാന ജനറൽ കൗൺസിൽ അംഗങ്ങൾചേർന്ന് അതാത് രൂപതയിൽനിന്നുള്ള മാനേജിംഗ് കൗൺസിൽ അംഗങ്ങളായ ഏഴുപേരിൽനിന്ന് അവർക്കായി നിശ്ചയിക്കുന്ന സ്ഥാനത്തേക്ക് ഒരു മാനേജിംഗ് കൗൺസിൽ അംഗത്തെ തെരഞ്ഞെടുക്കാവുന്നതാണ്.)

(f) സംസ്ഥാന, രൂപതാ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നവർ ഒരേസമയം തെരഞ്ഞെടുക്കപ്പെട്ട, സംഘടനയുടെ രണ്ട് സ്ഥാനങ്ങൾ വഹിക്കാൻ പാടുള്ളതല്ല.

(g) സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങളും അടിയന്തിര പ്രശ്നങ്ങളും കൈകാര്യം ചെയ്യുവാൻ സെക്രട്ടറിയേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

9. ഭാരവാഹികളുടെ കാലാവധി

ജനറൽ കൗൺസിലിന്റെ കാലാവധി മൂന്നുവർഷമായിരിക്കും.

10. ഉത്തരവാദിത്തങ്ങൾ (എല്ലാഘടകങ്ങൾക്കും പൊതുവായത്)

പ്രസിഡന്റ്

(a) സംഘടനയുടെ ഔദ്യോഗികമായ എല്ലാ യോഗങ്ങളിലും അദ്ധ്യക്ഷം വഹിക്കേണ്ടതും നിയന്ത്രിക്കേണ്ടതും പ്രസിഡന്റിന്റെ ചുമതലയാണ്.

(b) അത്യാവശ്യഘട്ടങ്ങളിൽ സംഘടനയുടെ പൊതുതാല്പര്യത്തിന് അനുഗുണവും അടിയന്തിര സ്വഭാവമുള്ളതുമായ ചില തീരുമാനങ്ങൾ സ്വയം കൈക്കൊള്ളുവാൻ പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അത്തരം നടപടികൾക്ക് അടുത്തുചേരുന്ന മാനേജിംഗ് കൗൺസിൽ യോഗം സ്ഥിരീകരണം നൽകേണ്ടതാണ്.

(c) സംഘടനയുടെ ഔദ്യോഗിക വക്താവ് പ്രസിഡന്റായിരിക്കുന്നതാണ്.

വൈസ് പ്രസിഡന്റുമാർ

(d) പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ അധികാരങ്ങളും ചുമതലകളും വൈസ് പ്രസിഡന്റുമാർ നിർവ്വഹിക്കേണ്ടതാണ്. ഇതിന് റൊട്ടേഷൻ സമ്പ്രദായം ഉപയോഗിക്കാവുന്നതാണ്.

ജനറൽ സെക്രട്ടറി

(e) പ്രസിഡന്റിന്റെ നിർദ്ദേശമോ പ്രവർത്തക സമിതി നിർദ്ദേശങ്ങളോ അനുസരിച്ച് സംഘടനയുടെ ഔദ്യോഗിക യോഗങ്ങൾ വിളിച്ചു കൂട്ടേണ്ടതും മിനിറ്റ്സ്, അംഗത്വ രജിസ്റ്റർ

മുതലായ റിക്കാർഡുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കത്തിടപാടുകൾ നടത്തേണ്ടതും സെക്രട്ടറിയുടെ ചുമതല യാണ്. (യൂണിറ്റ് സോണൽ ഘടകങ്ങളിൽ ജനറൽ സെക്ര ട്ടറി എന്നത് സെക്രട്ടറി എന്ന് വായിക്കേണ്ടതാണ്.)

സെക്രട്ടറിമാർ

(f) ജന. സെക്രട്ടറിയെ അദ്ദേഹത്തിന്റെ ചുമതല നിർവ്വഹണ ത്തിൽ സഹായിക്കേണ്ടതും പ്രവർത്തക സമിതി ഏല്പി ക്കുന്ന ഇതര ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതും സെക്ര ട്ടറിമാരുടെ ചുമതലയാണ്. (യൂണിറ്റ് സോണൽ ഘടകങ്ങ ളിൽ സെക്രട്ടറി എന്നത് ജോയിന്റ് സെക്രട്ടറി എന്ന് വായി ക്കേണ്ടതാണ്.)

ട്രഷറർ

(g) സംഘടനയ്ക്കുവേണ്ടി വരിസംഖ്യകളും സംഭാവനകളും സ്വീകരിക്കുക, കണക്ക് സൂക്ഷിക്കുക, ബജറ്റ് തയ്യാറാക്കുക എന്നിവ ട്രഷററുടെ ഉത്തരവാദിത്വങ്ങളാണ്. വരവ്-ചെല വ്-കണക്കുകൾ എല്ലാ മാനേജിംഗ് കൗൺസിലിൽ അവത രിപ്പിക്കേണ്ടതും അംഗീകാരം തേടിയിരിക്കേണ്ടതുമാണ്.

11. അഫിലിയേഷൻ/ അഫിലിയേഷൻ റിന്യൂവൽ ഫീ

(a) ഓരോ ഇടവക യൂണിറ്റും അതത് രൂപത സമിതികൾ നിശ്ച യിക്കുന്ന വിധത്തിൽ രൂപത സമിതിയിലേക്ക് അഫിലിയേ ഷൻ ഫീസ് അടച്ചിരിക്കേണ്ടതാണ്.

(b) ഓരോ രൂപത സമിതിയും അംഗസംഖ്യയുടെ അടിസ്ഥാന ത്തിൽ താഴെപ്പറയുംവിധത്തിൽ സംസ്ഥാന സമിതിയിലേക്ക് നിശ്ചിത കാലപരിധിക്കുള്ളിൽ വാർഷിക അഫിലിയേഷൻ അടച്ചിരിക്കേണ്ടതാണ്.

ആദ്യത്തെ ആയിരം അംഗങ്ങൾ	–	500 രൂപ.
തുടർന്നുള്ള ഓരോ അഞ്ഞൂറിനും	–	100 രൂപ.

എന്നാൽ പരമാവധി വാർഷിക അഫിലിയേഷൻ ഫീ ആയിരം രൂപയായിരിക്കും.

12. സഭാതലഉപദേഷ്ടാവ് (എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ)

(a) കെ.ആർ.എൽ.സി.ബി.സി. നിശ്ചയിക്കുന്ന ഒരു മെത്രാനോ, ഒരു വൈദികനോ കെ.എൽ.സി.എ. സംസ്ഥാനസമിതിയുടെ സഭാതല ഉപദേഷ്ടാവ് (എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ) ആയിരിക്കും.

(b) രൂപത മെത്രാന്മാർ നിശ്ചയിക്കുന്ന ഒരു വൈദികൻ രൂപത സമിതിയുടെ സഭാതല ഉപദേഷ്ടാവ് ആയിരിക്കുന്നതാണ്.

(c) സംഘടനയുടെ എല്ലായോഗങ്ങളുടെയും തീയതിയും അജണ്ടയും സഭാതല ഉപദേഷ്ടാവുമായി കൂടി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

13. സഭാതലഉപദേഷ്ടാവിന്റെ ചുമതലകൾ

(a) സംഘടന നേതൃത്വത്തെയും പ്രവർത്തകരെയും ആത്മീയത യിലും സഭാത്മകതയിലും നിലനിർത്തുക.

(b) നിയമാവലി നിശ്ചയിക്കുന്ന അവകാശങ്ങളിലും അധികാരങ്ങളിലും ലക്ഷ്യങ്ങളിലും സംഘടനയെ നിലനിർത്തുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുക.

(c) സഭ നേതൃത്വവും അല്മായ നേതൃത്വവും അല്മായരും തമ്മിലുള്ള സുദൃഢമായ ബന്ധം നിലനിർത്തുന്നതിന് ക്രിയാത്മകമായി ഇടപെടുക.

14. ബാങ്ക് അക്കൗണ്ടുകൾ

(a) സംഘടനയുടെ ബാങ്ക് അക്കൗണ്ടുകൾ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ മൂന്ന് പേരുടെ പേരിൽ ആയിരിക്കേണ്ടതാണ്. എന്നാൽ അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുമ്പോൾ ട്രഷററും, പ്രസിഡന്റ്/ജനറൽ സെക്രട്ടറി ഇതിൽ ആരെങ്കിലും ഒരാൾകൂടി ഒപ്പിട്ട് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.

(b) സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അയ്യായിരം രൂപവരെ ട്രഷററുടെ പക്കൽ സൂക്ഷിക്കാവുന്നതും ജന

റൽസെക്രട്ടറി വഴി തുക ചെലവഴിക്കേണ്ടതുമാണ്.

(c) അടിയന്തിര ഘട്ടങ്ങളിൽ അമ്പതിനായിരം രൂപവരെ അഡ്വാൻസ് ചെയ്യുന്നതിന് സെക്രട്ടറിയേറ്റിന് അധികാരം ഉണ്ടായിരിക്കും. ഏതെങ്കിലും സാഹചര്യത്തിൽ ഇപ്രകാരം തുക അഡ്വാൻസ് ചെയ്യേണ്ടിവന്നാൽ ആയത് അടുത്തുകൂടുന്ന മാനേജിംഗ് കൗൺസിലിൽ അവതരിപ്പിച്ച് അംഗീകാരം തേടിയിരിക്കേണ്ടതാണ്.

15. നിയമാവലി ഭേദഗതി

നിയമാവലി ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന ജനറൽ കൗൺസിലിനായിരിക്കും. അപ്രകാരം നിയമാവലി ഭേദഗതി ചെയ്യുന്നതിനായി വിളിച്ചുചേർക്കുന്ന സംസ്ഥാന ജനറൽ കൗൺസിലിൽ ആകെയുള്ള ജനറൽ കൗൺസിൽ അംഗങ്ങളുടെയും രൂപതകളുടേയും അമ്പതു ശതമാനത്തിൽ കുറയാത്ത അംഗങ്ങളുടെ ഹാജർ ഉണ്ടാകേണ്ടതും ഹാജറുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ഭേദഗതി നിർദ്ദേശത്തിന് ലഭിച്ചിരിക്കേണ്ടതുമാണ്. നിയമാവലി ഭേദഗതി ചെയ്യുന്നതിനുവേണ്ടി വിളിച്ചു ചേർക്കുന്ന ജനറൽ കൗൺസിൽ യോഗത്തിന്റെ നോട്ടീസ് മുപ്പത് ദിവസം മുമ്പ് അംഗങ്ങൾക്ക് നൽകേണ്ടതാണ്. ഭേദഗതി നിർദ്ദേശങ്ങൾക്ക് കെ.ആർ.എൽ.സി.ബി.സി.യുടെ അംഗീകാരം നേടേണ്ടതാണ്.

16. അപ്പീലുകൾ

യൂണിറ്റുകളിൽനിന്നുള്ള അപ്പീലുകൾ മേഖല/ ഫെറോന കമ്മറ്റികൾക്കും, മേഖല/ ഫെറോന കമ്മറ്റികളിൽ നിന്നുള്ള അപ്പീലുകൾ രൂപത കമ്മറ്റിക്കും, രൂപതാ കമ്മറ്റിയിൽനിന്നുള്ള അപ്പീലുകൾ സംസ്ഥാന കമ്മിറ്റിക്കും, സംസ്ഥാന കമ്മറ്റിയിൽനിന്നുള്ള അപ്പീലുകൾ കെ.ആർ.എൽ.സി.ബി.സി.ക്കും സമർപ്പിക്കാവുന്നതാണ്. കെ.ആർ.എൽ.സി.ബി.സി.യുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

17. അച്ചടക്കനടപടി

(a) തെരഞ്ഞെടുക്കപ്പെടുന്ന ഏതെങ്കിലും മാനേജിംഗ്

കൗൺസിൽ അംഗം തുടർച്ചയായി മൂന്ന് കമ്മിറ്റികളിൽ ഹാജരാകുന്നില്ലെങ്കിൽ ഈ അംഗത്തിൽനിന്നും വിശദീകരണം തേടുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും നിശ്ചിത സമയത്തിനകം വിശദീകരണം നൽകുന്നില്ലെങ്കിലോ നൽകിയ വിശദീകരണം തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെടുകയോ ചെയ്താൽ ഈ അംഗത്തിന് മേൽ അച്ചടക്കനടപടി സ്വീകരിച്ച് ഒഴിവാക്കുവാൻ മാനേജിംഗ് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നത്. ഇപ്രകാരം ഒഴിവാക്കപ്പെടുന്ന അംഗത്തിന് പകരമായി മറ്റൊരംഗത്തെ ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുവാൻ അതാത് രൂപതാ സമിതികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതും, ഇപ്രകാരം ഒഴിവാക്കപ്പെടുന്ന മാനേജിംഗ് കൗൺസിൽ അംഗം നിയമാവലിയിലെ 8 (III) 'e' ഉപഭാഗത്ത് പറയും പ്രകാരം സ്ഥാനം വഹിക്കുന്നയാളാണെങ്കിൽ പ്രസ്തുത പദവിയിലേക്ക് മറ്റൊരംഗത്തെ മാനേജിംഗ് കൗൺസിൽ അംഗങ്ങളിൽനിന്ന് ഭാരവാഹിയായി തെരഞ്ഞെടുക്കാവുന്നതുമാണ്. നിയമാവലിയിലെ 8 (III)'b' ഉപവകുപ്പനുസരിച്ച് സ്ഥാനം വഹിക്കുന്ന അംഗമാണ്, അച്ചടക്കനടപടിക്ക് വിധേയമായി ഒഴിവാക്കപ്പെട്ടതെങ്കിൽ ആ പദവിയിലേക്ക് മറ്റൊരംഗത്തെ ജനറൽ കൗൺസിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

(b) ഏതെങ്കിലും ഒരംഗം സംഘടനാ വിരുദ്ധ പ്രവർത്തനം നടത്തിയെന്ന് സംസ്ഥാന കമ്മറ്റിക്ക് പരാതി ലഭിച്ചാൽ പ്രസ്തുത പരാതിയെക്കുറിച്ച് സംസ്ഥാന മാനേജിംഗ് കൗൺസിൽ ഉചിതമായ മാർഗ്ഗത്തിലൂടെ അന്വേഷണം നടത്തേണ്ടതും വിശദീകരണം തേടേണ്ടതുമാണ്. വിശദീകരണം നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ ലഭിക്കാതിരിക്കുകയോ, നൽകുന്ന വിശദീകരണം തൃപ്തികരമല്ലായെന്ന് ബോദ്ധ്യപ്പെടുകയോ ചെയ്താൽ പ്രസ്തുത അംഗത്തെ പുറത്താക്കുന്നതുൾപ്പെടെയുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. എംബ്ലം

സംഘടനയ്ക്ക് പൊതുവായ ഒരു എംബ്ലം ഉണ്ടായിരിക്കുന്നതാണ്. ഒന്നിനുള്ളിൽ ഒന്ന് എന്ന ക്രമത്തിൽ രണ്ട് വൃത്തങ്ങൾ എംബ്ലത്തിനുണ്ട്. പുറമെയുള്ള വൃത്തത്തിൽ ലാറ്റിൻ ഭാഷയിൽ UT UNUM SINT എന്ന് രേഖപ്പെടുത്തണം. എല്ലാവരും ഒന്നായിരിക്കേണ്ടത് എന്ന ബൈബിൾ വചനം ഇത് അർത്ഥമാക്കുന്നു. അതിനു താഴെ Kerala Latin Catholic Association എന്ന് ഇംഗ്ലീഷിലും എഴുതണം. അകത്തെ വൃത്തത്തിനുള്ളിൽ രണ്ട് കരങ്ങളിൽ ഉയർത്തിപ്പിടിക്കുന്ന KLCA ഉൾചേർക്കണം. സമുദായാംഗങ്ങൾ ഒന്നുചേർന്ന് കെ.എൽ. സി.എ യെ ശക്തിപ്പെടുത്തണം എന്നാണ് ഇതിന്റെ സൂചന.

19. പതാക

സംഘടനയ്ക്ക് പൊതുവായ ഒരു പതാക ഉണ്ടായിരിക്കും. 3:2 എന്ന അളവിൽ നീലയും ഗോൾഡൻ മഞ്ഞയും ചേർന്നതായിരിക്കും പതാകയുടെ നിറം. നീലനിറത്തിൽ മുകളിൽനിന്നും അടിഭാഗം വരെ എത്തുംവിധം വെളുത്ത നിറത്തിൽ ഇംഗ്ലീഷ് അക്ഷരത്തിൽ കെ.എൽ.സി.എ (K.L.C.A) എന്ന് എഴുതിയിരിക്കണം. പതാകയുടെ വലുപ്പം രണ്ടടി നീളത്തിന് ഒരടി വീതി എന്ന തോതിലാരിക്കും.

K L C A നീല	ഗോൾഡൻ മഞ്ഞ

20. പൊതുനിയമങ്ങൾ

(a) ഓരോ രൂപതയിലുള്ള പ്രാദേശീകമായ പ്രത്യേകതകൾ അനുസരിച്ച് സംസ്ഥാന സമിതിയുടെ അംഗീകാരത്തോടെ മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ മാറ്റം വരുത്താവുന്നതാണ്.

(b) അസോസിയേഷന്റെ ഔദ്യോഗിക വർഷം മാർച്ച് 31-ാം തീയതി അവസാനിക്കുന്നതാണ്.

(c) എല്ലാ വോട്ടെടുപ്പുകളും രഹസ്യബാലറ്റ് വഴി നടത്തപ്പെടും.

(d) നിയമാവലിയുടെ ഏതെങ്കിലും ഭാഗം വ്യാഖ്യാനിക്കാനുള്ള അധികാരം സംസ്ഥാന മാനേജിംഗ് കൗൺസിലിന് ഉണ്ടായിരിക്കുന്നതും, കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(e) ജനറൽ കൗൺസിൽ യോഗങ്ങൾക്ക് പതിനഞ്ചു ദിവസത്തേയും ഇതര യോഗങ്ങൾക്ക് ഏഴു ദിവസത്തേയും നോട്ടീസുണ്ടായിരിക്കേണ്ടതാണ്.

(f) അസോസിയേഷന്റെ എല്ലാ കണക്കുകളും വാർഷിക കൗൺസിൽ യോഗത്തിൽവച്ച് നിയമിക്കപ്പെടുന്ന ഒരു ഓഡിറ്റർ ഓഡിറ്റ് ചെയ്യേണ്ടതാണ്.

(g) ഭാരവാഹികളിൽ ആരെങ്കിലും അസോസിയേഷന്റെ താല്പര്യങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതായാൽ നിയമാനുസൃതമായ നടപടികൾക്കുശേഷം മാനേജിംഗ് കൗൺസിലിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണ്.

(h) അസോസിയേഷന്റെ പേരിലുള്ള വ്യവഹാരങ്ങൾ പ്രസിഡന്റോ അദ്ദേഹത്തിന്റെ നിയമാനുസൃത പ്രതിനിധിയോ നടത്തേണ്ടതാണ്.

(i) സംഘടനാ വിരുദ്ധ പ്രവർത്തനം നടത്തി സംഘടനയിൽ നിന്നും ഒഴിവാക്കപ്പെട്ട അംഗം, സംഘടനയിൽ വീണ്ടും അംഗത്വം സ്വീകരിക്കുമ്പോൾ, രണ്ട് വർഷംവരെ സാധാരണ അംഗമായി പ്രവർത്തിക്കേണ്ടതും അതിനുശേഷം മാത്രം സംഘടനയുടെ വിവിധ ഘടകങ്ങളിൽ ഭാരവാഹിത്വം സ്വീകരിക്കാവുന്നതുമാകുന്നു.

(j) രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന-ജില്ലാതല ഭാരവാഹികൾ, പ്രസ്തുത സ്ഥാനങ്ങളിൽ തുടരുന്ന കാലത്തോളം സംഘടനയുടെ സംസ്ഥാന രൂപത ഘടകങ്ങളിൽ പ്രസിഡന്റ്, ജനറൽസെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(k) സംഘടനയുടെ വിവിധ ഘടകങ്ങളിൽ ഒരേ സമയം, തെരഞ്ഞെടുക്കപ്പെട്ട രണ്ട് ഭാരവാഹിത്വങ്ങൾ വഹിക്കുവാൻ പാടുള്ളതല്ല. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ ഇക്കാര്യത്തിൽ ഇളവു നൽകുവാൻ സംസ്ഥാന സെക്രട്ടറിയേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(l) ഏതെങ്കിലും ഒരംഗം സംഘടനയ്ക്ക് നൽകേണ്ട തുകകൾ കുടിശ്ശിക വരുത്തിയാൽ, പ്രസ്തുത അംഗം സംഘടനയുടെ ഏതൊരു ഘടകത്തിലും തെരഞ്ഞെടുപ്പിന് നിൽക്കുവാൻ അയോഗ്യനായിരിക്കുന്നതാണ്.

(m) സംഘടനയുടെ യൂണിറ്റ്, മേഖല, രൂപത, സംസ്ഥാന സമിതികളുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്.

(n) സമുദായത്തെ സംബന്ധിക്കുന്ന നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനോ നിലവിലുള്ള നയങ്ങളിൽ മാറ്റം വരുത്തുന്നതിനോ മുമ്പായി അത്തരം വിഷയങ്ങളിൽ കെ.ആർ.എൽ.സി.ബി.സിയുടെ അംഗീകാരം തേടിയിരിക്കേണ്ടതാണ്.

(o) പ്രസാവികളായ സമുദായാംഗങ്ങൾക്കുവേണ്ടി കെ.എൽ.സി.എ യുടെ പ്രവാസികാര്യ സെല്ലുകൾ രാജ്യത്തിനകത്തും പുറത്തും രൂപീകരിക്കാവുന്നതാണ്.

(p) നിയമാവലി സംബന്ധിച്ചോ, സംഘടനപരമായോ ഉത്ഭവിക്കുന്ന തർക്കങ്ങൾ കെ.എൽ.സി.എ. തർക്കനിവാരണ സമിതി (ആർബിറ്ററേർ) യുടെ തീർപ്പിന് വിധേയമായിരിക്കും.

(q) യൂണിറ്റ്, മേഖല, രൂപത ഘടകങ്ങളിൽ ഒരു വ്യക്തി തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽ കൂടുതൽ ഭാരവാഹിത്വം വഹിക്കുവാൻ പാടുള്ളതല്ല.

അനുബന്ധം

തെരഞ്ഞെടുപ്പ് ചട്ടങ്ങൾ

കെ.എൽ.സി.എ. നിയമാവലിയിലെ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കെ.എൽ.സി.എ. സംസ്ഥാന മാനേജിംഗ് കൗൺസിൽ ഉണ്ടാക്കിയ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ.

1. ഈ ചട്ടങ്ങൾ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ) തെരഞ്ഞെടുപ്പ് ചട്ടങ്ങൾ എന്നറിയപ്പെടുന്നതാണ്.
2. ഈ ചട്ടങ്ങൾ സംസ്ഥാന മാനേജിംഗ് കൗൺസിൽ അംഗീകരിക്കുകയും തുടർന്ന് ചട്ടങ്ങൾക്ക് കേരള റീജിയൺ ലാറ്റിൻ കാത്തലിക് ബിഷപ്പ്സ് കൗൺസിന്റെ (കെ.ആർ.എൽ.സി.ബി.സി) അംഗീകാരം ലഭിക്കുന്ന തീയതിമുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

3(a) **സംസ്ഥാന സമിതി:** തെരഞ്ഞെടുപ്പ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് 45 ദിവസങ്ങളിൽ കുറയാതെയുള്ള തീയതിക്കുമുമ്പ് തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ് മാനേജിംഗ് കൗൺസിൽ എല്ലാ രൂപതാ സമിതികളെയും രേഖാമൂലം Under certificate of posting ആയി അറിയിച്ചിരിക്കേണ്ടതാണ്.

(b) **രൂപത സമിതി:** തെരഞ്ഞെടുപ്പ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് 30 ദിവസങ്ങൾ മുമ്പെങ്കിലും തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ് നൽകിയിരിക്കേണ്ടതാണ്.

4(a) തെരഞ്ഞെടുപ്പ് തീയതിക്ക് 30 ദിവസത്തിന് മുമ്പായി രൂപതാ സമിതികളിൽനിന്നുള്ള നിയമാവലി, 8(1)(a)യിൽ പറയും പ്രകാരം ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണവും പേരും അഡ്രസ്സും രൂപതയിലെ ആകെ അംഗങ്ങൾ/യൂണിറ്റുകൾ എന്നിവ വിശദമായി കാണിച്ചുകൊണ്ട് രൂപതാ അദ്ധ്യക്ഷനോ/രൂപതാ അദ്ധ്യക്ഷൻ നിയോഗിച്ചിട്ടുള്ള വൈദികനോ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ലിസ്റ്റ് സംസ്ഥാന ജനറൽ സെക്രട്ടറിയെ ഏല്പിച്ച് രസീത് വാങ്ങിയിരിക്കേണ്ട

താണ്. അപ്രകാരം ലഭിക്കുന്ന ലിസ്റ്റ് ജനറൽ സെക്രട്ടറി മൂന്ന് ദിവസത്തിനകം റിട്ടേണിംഗ് ഓഫീസറെ ഏല്പിച്ച് രസീത് വാങ്ങിയിരിക്കേണ്ടതും ലിസ്റ്റിന്റെ ഒരു പകർപ്പ് കേന്ദ്ര ഓഫീസിൽ സൂക്ഷിച്ചിരിക്കേണ്ടതുമാണ്. അപ്രകാരം നൽകുന്ന ലിസ്റ്റിൽ രൂപതാസമിതിയിൽനിന്നുള്ള ഏഴ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ പേര് പ്രത്യേകം ചേർത്തിരിക്കേണ്ടതാണ്.

(b) രൂപത സമിതി: തെരഞ്ഞെടുപ്പിന് 21 ദിവസമെങ്കിലും മുമ്പായി അതാത് ഘടകങ്ങളിലെ അംഗങ്ങളുടെ പേരും എണ്ണവും, മേഖല ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പിന് പ്രതിനിധീകരിക്കുന്നവരുടെ പേരും മേൽവിലാസവും അതാത് സെക്രട്ടറിയെ ഏൽപ്പിക്കുകയും രസീത് വാങ്ങിയിരിക്കേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്ന പട്ടിക സെക്രട്ടറി റിട്ടേണിംഗ് ഓഫീസർക്ക് കൈമാറേണ്ടതും ഒരു കോപ്പി സൂക്ഷിക്കേണ്ടതുമാണ്.

5 നിശ്ചിയിക്കപ്പെട്ട തീയതിക്ക്ശേഷം നൽകുന്ന ലിസ്റ്റിലെ അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

6(a) **സംസ്ഥാന സമിതി:** തെരഞ്ഞെടുപ്പ് തീയതിക്ക് 30 ദിവസത്തിന് മുമ്പായി ആദ്ധ്യാത്മിക ഉപദേഷ്ടാവുമായി ആലോചിച്ച് റിട്ടേണിംഗ് ഓഫീസറെ സംസ്ഥാന സെക്രട്ടറിയേറ്റ് നിയമിക്കേണ്ടതാണ്.

(b) **രൂപത സമിതി :** അതാത് എക്സിക്യൂട്ടീവ് കമ്മിറ്റി എക്ലേസിയാസ്റ്റിക്കൽ അഡ്വൈസറുമായി ആലോചിച്ച് ഒരു റിട്ടേണിംഗ് ഓഫീസറേയും ആവശ്യമെങ്കിൽ ഒരു അസിസ്റ്റന്റെനെയും നിശ്ചയിക്കേണ്ടതാണ്.

7(a) **സംസ്ഥാന സമിതി:** റിട്ടേണിംഗ് ഓഫീസർക്ക് തെരഞ്ഞെടുപ്പ് സുഗമമായി നടത്താൻ വേണ്ട എല്ലാ സൗകര്യങ്ങളും ആദ്ധ്യാത്മിക ഉപദേഷ്ടാവും സംസ്ഥാന സെക്രട്ടറിയേറ്റും ചേർന്ന് നൽകേണ്ടതാണ്.

(b) **രൂപത സമിതി :** റിട്ടെണിംഗ് ഓഫീസർക്ക് തെരഞ്ഞെടുപ്പ് സുഗമമായി നടത്തുവാൻ വേണ്ട എല്ലാ സൗകര്യങ്ങളും എക്ലേസിയാസ്റ്റിക്കൽ അഡ്വൈസറും, അതാത ഘടകങ്ങളിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്ന് നൽകേണ്ടതാണ്.

8(a) **സംസ്ഥാന സമിതി:** തെരഞ്ഞെടുപ്പ് തീയതിക്ക് 25 ദിവസങ്ങൾക്ക് മുമ്പായി രൂപതാ അടിസ്ഥാനത്തിലുള്ള വോട്ടേഴ്സ് ലിസ്റ്റ് കേന്ദ്രഓഫീസിൽ റിട്ടേണിംഗ് ഓഫീസർ പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. അപ്രകാരം പ്രസിദ്ധീകരിക്കുന്ന വോട്ടേഴ്സ് ലിസ്റ്റിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ രൂപതാ സമിതിക്കോ, വ്യക്തികൾക്കോ ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ 10 ദിവസത്തിനകം റിട്ടേണിംഗ് ഓഫീസർക്ക് രേഖാമൂലം പരാതി നൽകാവുന്നതാണ്. അപ്രകാരം നൽകുന്ന പരാതികൾക്ക് റിട്ടേണിംഗ് ഓഫീസർ രസീതു നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന പരാതികളെ സംബന്ധിച്ച് 3 ദിവസത്തിനകം റിട്ടേണിംഗ് ഓഫീസർ തീരുമാനം എടുക്കേണ്ടതാണ്. അംഗങ്ങളുടെ ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് തെരഞ്ഞെടുപ്പ് തീയതിക്ക് 10 ദിവസത്തിന് മുമ്പ് കേന്ദ്ര ഓഫീസിൽ റിട്ടേണിംഗ് ഓഫീസർ പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്.

(b) **രൂപത സമിതി:** വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കൽ, നാമനിർദ്ദേശ പത്രിക സ്വീകരിക്കൽ ആയതിന്റെ സൂക്ഷ്മ പരിശോധന, സ്ഥാനാർത്ഥികളുടെ അവസാന ലിസ്റ്റ് പ്രസിദ്ധീകരിക്കൽ, തെരഞ്ഞെടുപ്പ് നടത്തിപ്പ് ഫലനിർണ്ണയ പ്രഖ്യാപനം മുതലായവ റിട്ടേണിംഗ് ഓഫീസറുടെ ചുമതലയായിരിക്കും.

9(a) **സംസ്ഥാന സമിതി :** നാമനിർദ്ദേശപത്രിക റിട്ടേണിംഗ് ഓഫീസർ തയ്യാറാക്കി കൈഒപ്പോ സീലോ വച്ച് മാത്രം മത്സരാർത്ഥികൾക്ക് നൽകിയിരിക്കേണ്ടതാണ്. ബൈലോ 8(iii) ൽ പറയുന്ന സ്ഥാനങ്ങളിലേക്കാണ് റിട്ടേണിംഗ് ഓഫീസർ തെരഞ്ഞെടുപ്പ് നടത്തേണ്ടത്.

(b) **രൂപത സമിതി:** പ്രസിഡന്റ്, 4 വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, 4 സെക്രട്ടറിമാർ, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്കാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്.

10(a) **സംസ്ഥാന സമിതി :** തെരഞ്ഞെടുപ്പിനായി നിശ്ചയിക്കപ്പെട്ട ദിവസം നാമനിർദ്ദേശപത്രിക നൽകൽ, നാമനിർദ്ദേശ പത്രിക സ്വീകരിക്കൽ, നാമനിർദ്ദേശപത്രിക നൽകിയിട്ടു

ള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ, നാമനിർദ്ദേശകപത്രികയുടെ സൂക്ഷ്മപരിശോധന, മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അവസാന ലിസ്റ്റ് പ്രസിദ്ധീകരിക്കൽ എന്നിവയെ സംബന്ധിച്ചുള്ള സമയം ക്ലിപ്തപ്പെടുത്തി ജനറൽ കൗൺസിൽ ആരംഭിക്കുന്നതിന് മുമ്പായി നടക്കുന്ന സ്ഥലത്ത് റിട്ടേണിംഗ് ഓഫീസർ നോട്ടീസ് പരസ്യം ചെയ്തിരിക്കേണ്ടതാണ്.

(b) **രൂപത സമിതി:** തെരഞ്ഞെടുപ്പിനായി നിശ്ചയിക്കപ്പെട്ട ദിവസം, മത്സരാർത്ഥികളുടെ വിശദമായ ലിസ്റ്റും വോട്ടർമാരുടെ പേരുകൾ ഉൾപ്പെടുന്ന പട്ടികയും റിട്ടേണിംഗ് ഓഫീസർ തെരഞ്ഞെടുപ്പ് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

11 തെരഞ്ഞെടുപ്പിലേക്കുള്ള നടപടികൾ നടത്തുമ്പോൾ കെ.എൽ.സി.എ. ബൈലോ വകുപ്പുകളിലെ നിബന്ധനകൾ കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

12(a) **സംസ്ഥാന സമിതി :** മത്സരാർത്ഥികൾ നൽകുന്ന നാമനിർദ്ദേശപത്രികയിൽ അതത് രൂപതകളിലെ പ്രസിഡന്റോ, പ്രസിഡന്റ് രേഖാമൂലം ചുമതലപ്പടുത്തിയ വ്യക്തിയോ ഒപ്പിട്ടിരിക്കേണ്ടതാണ്.

(b) **രൂപത സമിതി :** മത്സരാർത്ഥികൾ നൽകുന്ന നാമനിർദ്ദേശപത്രികയിൽ അതാത് യൂണിറ്റ് പ്രസിഡന്റോ, സെക്രട്ടറിയോ, ഡയറക്ടറോ ഒപ്പിട്ടിരിക്കേണ്ടതാണ്. തക്കതായ കാരണങ്ങളില്ലാതെ ഏതെങ്കിലും വ്യക്തിയുടെ നാമനിർദ്ദേശപത്രികയിൽ മേൽപ്പറഞ്ഞവർ ഒപ്പിടുവാൻ വിസമ്മതിക്കുകയാണെങ്കിൽ, പ്രസ്തുത വ്യക്തി ഇത് സംബന്ധമായ പരാതി രൂപത പ്രസിഡന്റിന് നൽകേണ്ടതും, രൂപത പ്രസിഡന്റ് ഇത്തരം പരാതികൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കേണ്ടതും, ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം അന്തിമവുമായിരിക്കും. പരാതികൾ നാമനിർദ്ദേശപത്രിക സ്വീകരിക്കുന്ന അവസാനതീയതിക്ക് പത്തുദിവസം മുമ്പെങ്കിലും സമർപ്പിക്കേണ്ടതും, നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്ന അവസാനതീയതിക്ക് മൂന്നു ദിവസം മുമ്പെങ്കിലും എക്സിക്യൂട്ടീവ് കമ്മിറ്റി പരാതിയിൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

13 ഒന്നിൽക്കൂടുതൽ സ്ഥാനങ്ങളിലേക്ക് ഒരേ വ്യക്തിതന്നെ നോമിനേഷനുകൾ നൽകുകയും നോമിനേഷൻ പിൻവലിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട സമയത്തിനുശേഷവും ഒന്നിൽകൂടുതൽ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നതിനുള്ള നോമിനേഷനുകൾ നിലനിൽക്കുകയും ചെയ്താൽ ടി വ്യക്തി സമർപ്പിച്ച എല്ലാ നോമിനേഷനും റിട്ടേണിംഗ് ഓഫീസർ അസാധുവായി പ്രഖ്യാപിക്കേണ്ടതാണ്.

14 മത്സരം ഉണ്ടെങ്കിൽ ആയത് രഹസ്യബാലറ്റിലൂടെ വോട്ടെടുപ്പ് നടത്തി ഫലം നിർണ്ണയിക്കേണ്ടതാണ്.

15 തുല്യവോട്ടുകൾ വന്നാൽ റിട്ടേണിംഗ് ഓഫീസർ പരസ്യമായി നറുക്കെടുപ്പ് നടത്തി ഫലം പ്രഖ്യാപിക്കേണ്ടതാണ്.

16(a) **സംസ്ഥാന സമിതി :** തെരഞ്ഞെടുപ്പ് നടപടികളെ സംബന്ധിച്ചോ, റിട്ടേണിംഗ് ഓഫീസറുടെ തീരുമാനങ്ങളെ സംബന്ധിച്ചോ, ഫലപ്രഖ്യാപനത്തെ സംബന്ധിച്ചോ ഏതെങ്കിലും രൂപതക്കോ വ്യക്തിക്കോ പരാതി ഉണ്ടെങ്കിൽ ആയത് തെരഞ്ഞെടുപ്പ് തീയതി മുതൽ 15 ദിവസത്തിനകം കെ.ആർ.എൽ.സി.ബി.സി.യ്ക്ക് നൽകേണ്ടതും കെ.ആർ.എൽ.സി.ബി.സി.യുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(b) **രൂപത സമിതി :** തെരഞ്ഞെടുപ്പ് നടപടികളെ സംബന്ധിച്ചോ ഫലപ്രഖ്യാനത്തെ സംബന്ധിച്ചോ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ആയത് തെരഞ്ഞെടുപ്പ് തീയതിമുതൽ ഏഴ് ദിവസത്തിനകം അപ്പീൽ കമ്മിറ്റിക്ക് നൽകേണ്ടതും അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമവുമായിരിക്കുന്നതാണ്.